ENTRI

1 Crore User Downloads

# CURRENT AFFAIRS 21 JUNE 2025




## അന്താരാഷ്ട്ര യോഗാ ദിനം

**ജൂൺ 21**

- 2025 Theme - Yoga for One Earth, One Health
- യോഗ പരിശീലിക്കുന്നതിന്റെ നിരവധി നേട്ടങ്ങളെക്കുറിച്ച് ലോകമെമ്പാടും അവബോധം വളർത്തുക എന്നതാണ് അന്താരാഷ്ട്ര യോഗ ദിനം ലക്ഷ്യമിടുന്നത്.
- 69-ാമത് പൊതുസഭാ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് അന്താരാഷ്ട്ര യോഗാ ദിനം എന്ന ആശയം ആദ്യമായി അവതരിപ്പിച്ചത്.

---




## ലോക്പാലിന്റെ പുതിയ മുദ്രാവാക്യം

**പൗരന്മാരെ ശാക്തീകരിക്കുക, അഴിമതി തുറന്നുകാട്ടുക (Empower Citizens, Expose Corruption)**

---



## ബഹുരാഷ്ട്ര സൈനികാഭ്യാസമായ എക്സർസൈസ് ഖാൻ ക്വസ്റ്റ് 2025 ആതിഥേയത്വം വഹിക്കുന്നത്

**മംഗോളിയ**

---



## പ്രഥമ അണ്ടർ 23 ദേശീയ 3x3 ബാസ്ക്കറ്റ് ബോൾ ചാമ്പ്യൻഷിപ്പിൽ വനിതാ വിഭാഗം കിരീടം സ്വന്തമാക്കിയത്

**കേരളം**

- ഫൈനലിൽ കർണാടകയെ പരാജയപ്പെടുത്തിയാണ് കേരളം കിരീടം സ്വന്തമാക്കിയത്.
- പുരുഷ വിഭാഗം ഫൈനലിൽ കേരളത്തെ പരാജയപ്പെടുത്തി ഉത്തർപ്രദേശ് കിരീടം സ്വന്തമാക്കി.

---



## മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വനത്തിനുള്ളിൽ വന്യജീവികൾക്ക് ഭക്ഷണവും വെള്ളവും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വനംവകുപ്പ് നടപ്പാക്കുന്ന പദ്ധതി

**വിത്തൂട്ട് പദ്ധതി**

- വന്യജീവികൾക്ക് വനത്തിനുള്ളിൽ ഭക്ഷണലഭ്യത വർധിപ്പിക്കുക വഴി മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണം, പരിസ്ഥിതി പുനഃസ്ഥാപനം, പാരിസ്ഥിതിക സന്തുലിതാവസ്ഥ മെച്ചപ്പെടുത്തൽ, കാലാവസ്ഥാ വ്യതിയാനത്തിന്റെ തോത് കുറയ്ക്കൽ തുടങ്ങിയവയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.